©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ജനുവരി 19<br>19th January 2021<br>1196 മകരം 6<br>6th Makaram 1196<br>1942 പൌഷം 29<br>29th Pousha 1942 | നമ്പർ<br>No. | 3 |

# PART III
# Forest Department

### അച്ചൻകോവിൽ ഡിവിഷൻ

ഇ-ലേലപ്പരസ്യം

നമ്പർ എ3-3018/2020. 2020 ഡിസംബർ 21.

അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ചിൽപ്പെട്ട 1974 കാനയാർ തേക്ക് തോട്ടത്തിൽ നിന്നും ഇടവെട്ടിലൂടെ ശേഖരിച്ചതും ഇതോടൊപ്പം ചേർക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ നാലാംതരം തേക്ക് തടികൾ, തേക്ക് കഴകൾ, എന്നിവയും കൂടാതെ കല്ലാർ റെയിഞ്ചിലെ 1970 ആലപ്പാടി തേക്ക് തോട്ടത്തിൽ നിന്നും അന്തിമ ഇടവെട്ടിലൂടെ ശേഖരിച്ച നാലാംതരം തേക്ക് തടികൾ, തേക്ക് ബില്ലറ്റ്, തേക്ക് കഴകൾ എന്നിവയും അച്ചൻകോവിൽ റെയിഞ്ചിലെ 1953 കമ്പിലൈൻ ബിറ്റ്-2 തേക്ക് തോട്ടം, 1968 മാച്ച്വുഡ് ശവക്കോട്ട ബിറ്റ് 1 & 2, 1969 മാച്ച്വുഡ് കൂരാംപാറ ബിറ്റ്-1 എന്നീ തോട്ടങ്ങളിൽ നിന്നും അന്തിമവെട്ടിലൂടെ ശേഖരിച്ച തേക്ക് കഴകൾ, തേക്ക് ബില്ലറ്റ്, പാഴ്മര വിറക് എന്നിവയും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) അവർകളുടെ 21-11-2015-ലെ പ്രൊ (4)-26243/13-ാം നമ്പരായി 15-12-2015-ലെ 49-ാം നമ്പർ കേരള ഗസറ്റ് വാല്യം 4-ൽ പരസ്യപ്പെടുത്തിയിട്ടുള്ള പൊതുദർഘാസ്/ലേല വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ഇതര ലേല വ്യവസ്ഥകൾക്കും കൂടാതെ ഇതിലേക്കായി M/s. MSTC, Ltd. www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി ഇ-ലേലത്തിലൂടെ വിൽപ്പന നടത്തുന്നതാണ്. ചുവടെ ചേർക്കുന്ന പട്ടികയിൽ വിവരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുറമെ, ടി ഇ-ലേലത്തിന് മുൻപുവരെ ശേഖരിച്ച് അട്ടിവയ്ക്കുന്ന ഉൽപ്പന്നങ്ങളും ടി ഇ-ലേലത്തിൽ ഉൾപ്പെടുത്തി വിൽക്കുന്നതായിരിക്കും. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന

വ്യക്തികൾ ഇ-ലേലത്തിനുമുൻപ് നിയമപ്രകാരമുള്ള നിരതദ്രവ്യം ഇ-പേയ്മെന്റ്/ഇ-ട്രഷറി/ഡിമാൻഡ് ഡ്രാഫ്റ്റ്/ എം.എസ്.റ്റി.സി. ലിമിറ്റഡ് വഴി കെട്ടിവയ്ക്കേണ്ടതാണ്. ഇ-ലേലത്തിൽ പങ്കുകൊള്ളുന്ന വ്യക്തിയുടെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. വിജയിക്കുന്ന ഇ-ലേലക്കാരന്, ഇ-ലേലത്തുകയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം ലേലംകൊണ്ട ഉൽപ്പന്നങ്ങളുടെ തുക അടയ്ക്കുവാൻ വീഴ്ച വരുത്തിയാൽ ലേലക്കാരന്റെ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ആയത് ഒരു കാരണവശാലും തിരിച്ച് നൽകാത്തതുമാണ്. ബാങ്കുകൾ ഡിമാന്റ് ഡ്രാഫ്റ്റ് മാറ്റുന്നതിന് ഏതെങ്കിലും കമ്മീഷൻ ഈടാക്കുകയാണെങ്കിൽ ആയത് ലേലക്കാരൻ നൽകേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ജി.എസ്.റ്റി., വനവികസന നികുതി, വരുമാന നികുതി, മറ്റ് ബന്ധപ്പെട്ട നികുതികൾ എന്നിവ യഥാസമയം അടയ്ക്കേണ്ടതുണ്ട്.

ഇ-ലേല പ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ലേലത്തിൽ പങ്കെടുക്കുന്നതിനായി സമർപ്പിക്കുന്ന നിരതദ്രവ്യം SBI-യുടെ Internet Online Banking വഴിയോ മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ സമർപ്പിക്കാൻ www.mstcecommerce.com എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു. എല്ലാ ഇ-ലേലപ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേലപ്രമാണങ്ങൾ www.mstcecommerce.com വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ഇ-ലേലപ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റുവിവരങ്ങൾ എൻ.ഐ.സി.-യിൽ നിന്നോ www.mstcecommerce.com വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Helpdesk ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ഇ-ലേല പ്രമാണങ്ങളോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ-ലേലപ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. കരാറുകാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും വാങ്ങി ഇ-ലേലത്തിന് നിരതദ്രവ്യം കെട്ടിവെയ്ക്കുന്നതോടൊപ്പം ഓൺലൈനായി ഹാജരാക്കേണ്ടതാണ്. നിയമാനുസൃത തിരിച്ചറിയൽ കാർഡോ സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ഇ-ലേല പ്രമാണങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനുമുമ്പായി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും അളവും നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടുകൊള്ളേണ്ടതാണ്. ഇ-ലേലത്തിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. ഈ വിജ്ഞാപന തീയതിക്കു മുൻപായി ദർഘാസ്/ലേലം സംബന്ധമായി സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ഇ-ലേലത്തിന് ബാധകമായിരിക്കും. വിൽപ്പനയ്ക്ക് വച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾക്ക് ആവശ്യമായി വരുന്ന പക്ഷം ആയത് കഴിച്ചുള്ള ഉൽപ്പന്നങ്ങൾ മാത്രമേ വിൽക്കുകയുള്ളു. വിവിധ തോട്ടങ്ങളിലെ ജോലികൾ നടന്നു കൊണ്ടിരിക്കുന്ന തിനാൽ ലേലത്തിന് മുൻപ് വരെ ഡബ്ബിംഗ് ഡിപ്പോയിൽ ഇറക്കി ലോട്ട് ചെയ്യുന്ന ഉൽപ്പന്നങ്ങൾ കൂടി ടി ഇ-ലേലത്തിൽ ഉൾപ്പെടുത്തി വിൽക്കുന്നതായിരിക്കും.

പട്ടിക

| ക്രമ നമ്പർ | റെയിഞ്ചും ഇ-ലേല തീയതികളും | തോട്ടത്തിന്റെ പേര് | ഉല്പ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉല്പ്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | കാനയാർ 21-1-2021, 17-2-2021, & 15-3-2021 | 1974 തേക്ക് തോട്ടം, കാനയാർ ബിറ്റ്-1 | 1968 ഈട്ടി തോട്ടം | നാലാതരം തേക്ക് തടികൾ | 4.282 ഘന മീറ്റർ (Lote No. 28/17/Knr) | 7-8-2017, 24-10-2017 & 22-1-2018 എന്നീ തീയതികളിൽ ഉൽപ്പന്നങ്ങൾ ലേലം കൊണ്ട ശ്രീ. എസ്. ഹസ്സൻകുട്ടി, മേപ്പുറത്ത് ടിമ്പേഴ്സ്, മങ്ങാരം പി. ഒ., കോന്നി എന്ന ലേലക്കാരന്റെ പൂർണ്ണ നഷ്ടോത്തരവാദിത്വത്തിൽ നടത്തുന്ന പുനർ ഇ-ലേലം |
| | | | | മൂന്നാംതരം തേക്ക് കഴകൾ | 100 എണ്ണം (Lote No. 86/17/Knr) | |
| | | | | അഞ്ചാം തരം തേക്ക് കഴകൾ | 265 എണ്ണം | |
| 2 | കല്ലാർ 21-1-2021, 17-2-2021, & 15-3-2021 | 1970 ആലപ്പാടി തേക്ക് തോട്ടം | ആനകുത്തി ഡമ്പിംഗ് ഡിപ്പോ | നാലാം തരം തേക്ക് തടികൾ | 11.611 ഘന മീറ്റർ (Lote No. 161/17/Klr, 169/17/Klr & 171/17/Klr) | 4-8-2017-ൽ നടന്ന ഇ-ലേലത്തിൽ ഉൽപ്പന്നങ്ങൾ ലേലം കൊണ്ട ശ്രീ. എസ്. ഹസ്സൻകുട്ടി, മേപ്പുറത്ത് ടിമ്പേഴ്സ്, മങ്ങാരം പി. ഒ., കോന്നി എന്ന ലേലക്കാരന്റെ പൂർണ്ണ നഷ്ടോത്തരവാദിത്വത്തിൽ നടത്തുന്ന പുനർ ഇ-ലേലം |
| | | | | രണ്ടാം തരം തേക്ക് കഴകൾ | 50 എണ്ണം (Lot No. 100/17/Klr.) | |
| | | | | അഞ്ചാം തരം തേക്ക് കഴകൾ | 200 എണ്ണം | |
| | | | | തേക്ക് ബില്ലറ്റ് | 149.15 മെട്രിക് ടൺ | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 3 | അച്ചൻകോവിൽ 11-1-2021, 5-2-2021 & 3-3-2021 | 1953 കമ്പിലൈൻ ബിറ്റ്-2 | പള്ളി മുണ്ടാൻ ഡമ്പിംഗ് ഡിപ്പോ | പാഴ്മര വിറക് | 5.05 മെട്രിക് ടൺ | |
| 4 | | 1968 മാച്ച്‌വുഡ് ശവക്കോട്ട ബിറ്റ് 1 തോട്ടം | പള്ളി മുണ്ടാൻ ഡമ്പിംഗ് ഡിപ്പോ | അഞ്ചാം തരം തേക്ക് കഴകൾ | 486 എണ്ണം | |
| | | | | തേക്ക് ബില്ലറ്റ് | 166.20 മെട്രിക് ടൺ | |
| 5 | | 1968 മാച്ച്‌വുഡ് ശവക്കോട്ട ബിറ്റ് 2 തോട്ടം | പള്ളി മുണ്ടാൻ ഡമ്പിംഗ് ഡിപ്പോ | തേക്ക് ബില്ലറ്റ് | 73.6 മെട്രിക് ടൺ | |
| | | | | പാഴ്മര വിറക് | 694.35 മെട്രിക് ടൺ | |
| 6 | | 1969 മാച്ച്‌വുഡ് തോട്ടം കൂരാംപാറ | പള്ളിവാസൽ ഡമ്പിംഗ് ഡിപ്പോ | അഞ്ചാം തരം തേക്ക് കഴകൾ | 23 എണ്ണം | |
| | | | | തേക്ക് ബില്ലറ്റ് | 170. 15 മെട്രിക് ടൺ | |
| | | | | പാഴ്മര വിറക് | 816.25 മെട്രിക് ടൺ | |

സർക്കാർ താൽപര്യാർത്ഥം പ്രത്യേകമായി വിജ്ഞാപനം ചെയ്യുന്നത് എന്തെന്നാൽ 7-8-2017, 24-10-2017 & 22-1-2018 എന്നീ തീയതികളിൽ നടന്ന ഇ-ലേലത്തിൽ കാനയാർ റെയിഞ്ചിലെ 28/17/Knr, 86/17/Knr എന്നീ ലോട്ടുകളിൽപ്പെട്ട ഉൽപ്പന്നങ്ങളും കൂടാതെ 4-8-2017-ൽ നടന്ന ഇ-ലേലത്തിൽ കല്ലാർ റെയിഞ്ചിലെ 100/17/Klr, 161/17/Klr, 169/17/Klr & 171/17/Klr എന്നീ ലോട്ടുകളിൽപ്പെട്ട ഉൽപ്പന്നങ്ങളും ലേലംകൊണ്ട വീഴ്ച്ചക്കാരനായ ശ്രീ. എസ്.ഹസ്സൻകുട്ടി, മേപ്പുറത്ത് ടിംബേഴ്സ്, മങ്ങാരം പി.ഒ, കോന്നി, പത്തനംതിട്ട എന്ന ലേലക്കാരന്റെ പൂർണ്ണ നഷ്ടോത്തരവാദിത്വത്തിൽ നടത്തുന്ന പുനർ ഇ-ലേലമാണ്.

ഇ-ലേല തീയതി—11-1-2021, 21-1-2021, 5-2-2021, 17-2-2021, 3-3-2021 & 15-3-2021.

നിരതദ്രവ്യം:

തേക്ക് തടികൾ —₹ 50,000

തേക്ക്കഴ, തേക്ക് ബില്ലറ്റ്, പാഴ്മര വിറക്—₹ 20,000

ഇ-ലേലത്തിൽ ഏറ്റവും കൂടിയ ഉചിതമായ തുക രേഖപ്പെടുത്തുന്ന ലേലക്കാരുടെ പേരിൽ ഇ-ലേലം സ്ഥിരപ്പെടുത്തുന്നതാണ്.

ഇ-ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ബാംഗ്ളൂർ എം. എസ്. റ്റി. സി. ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ എം. എസ്. റ്റി. സി. ലിമിറ്റഡിന്റെ www. mstcecommerce. com. എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽ നിന്നോ, അച്ചൻകോവിൽ റെയിഞ്ച് ഫോറസ്റ്റാഫീസറുടെയോ കല്ലാർ റെയിഞ്ച് ഫോറസ്റ്റാഫീസറുടെയോ കാനയാർ റെയിഞ്ച് ഫോറസ്റ്റാഫീസറുടെയോ കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

ഡിവിഷണൽ ഫോറസ്റ്റാഫീസ്, അച്ചൻകോവിൽ - 0475-2342315

റെയിഞ്ച് ഫോറസ്റ്റാഫീസ്, അച്ചൻകോവിൽ - 0475-2342530

റെയിഞ്ച് ഫോറസ്റ്റാഫീസ്, കല്ലാർ - 0475-2342551

റെയിഞ്ച് ഫോറസ്റ്റാഫീസ്, കാനയാർ - 0475-2342532.

No. A3-3018/2020. *21st December 2020.*

It is hereby notified that Teak timber IV, Teak Poles, Teak billet & Jungle wood fire wood collected through final thinning & final felling from 1974 Teak Plantation at Kanayar in Kanayar Range, 1953 TP Kambiline, Bit-II, 1968 MW Plantation at Savacotta Bit- I & II and 1969 MW Plantation Koorampara in Achencovil Range and 1970 TP Alappady in Kallar Range will be sold through e-Auction as shown in the schedule, by M/s. MSTC Ltd., Bangalore, subject to the conditions published by the M/s. MSTC Ltd. and in the Kerala Gazette No. 49, Vol. IV dated 15-12-2015 vide Notification No. Pro. (4) 26243/13 dated 21-11-2015 of the Additional Principal Chief Conservator of Forests (P), Thiruvananthapuram and other conditions prevalent in the Forest Department. Besides the quantity shown in the schedule, the quantity if any delivered to dumping depots before the date of e-Auction and that could be lotted immediately before the e-auction will also be placed in the proposed e-auction. Those who wish to participate in the e-auction have to remit EMD as shown in the schedule as e-payment before the e-auction through MSTC limited. Registration number of the bidder should be entered while remitting the EMD amount. Bidders those who are registered and have remitted the EMD before the e-auction will be permitted to take part in the e-auction. Successful bidders will have to remit 35% of the bid amount within 7 (seven) days after obtaining the confirmation of e-auction sale from MSTC. If any successful bidder fails to remit the 35% amount within the stipulated time, the EMD will be forfeited to Govt. and which is non-refundable under any circumstances. If any of the Banks demand a commission for converting the Demand Draft to cash, the bidder will have to suffer the commission charges. Successful bidders will also have to remit the balance value, Forest Development Tax, GST, Income Tax and such other taxes that are prevailing at the time of e-auction within the stipulated time limit.

e-Auction documents and connected records are available in the website: www.mstcecommerce.com. The Earnest Money Deposit should be submitted on e-payment/e-treasury/demand draft/MSTC through the internet online banking of SBT or through NEFT for other banks. For submission of e-auction visit the website: www.mstcecommerce.com. The e-auction documents submitted manually /through post will not be entertained.

Online e-Auction/bids are to be accompanied with relevant documents. Any further clarification on this e-Auction can be obtained from NIC/the e-Auction Helpdesk number available in the website www.mstcecommerce.com and from the office of the Divisional Forest Officer, Achencovil during the office hours. The details regarding e-Payment (Bidder's Bank Account No. where he/she is having core banking facility and email ID) should be submitted along with the e-Auction documents. e-Auction documents with out these details will not be accepted. The Forest Department will not be responsible for any inconvenience or loss to the Bidder while uploading/downloading the documents.

The bidders who wish to participate in the e-auction should produce a certificate showing the permanent address and signature of the bidders duly attested by the concerned Village Officer, or any other approved identity documents along with the EMD through online. Those who do not produce any approved Identity Card or certificate will not be eligible to participate in the e-auction.

Intending persons may ensure the quantity and quality of materials put up for e-auction before the commencement of the same and no complaints will be entertained after the e-auction. In case any Govt. Department requires any of the materials put up for the e-auction, the quantity remaining after their selection only will be re-auctioned. The quantity that may become ready for sale after the publication of this notification will also be included in the e-auction. Any further notification to the sale conditions that may be issued by the Government after the issuance of this notification will also be applicable to this e-auction. The unsold materials in the e-auction will be re-auctioned.

Further details and information can be had from this office or the concerned Range Offices, Achencovil, Kallar & Kanayar during working hours.

SCHEDULE

| *Sl. No.* | *Range & Auction Dates* | *Name of Plantation* | *Name of Dumping Site* | *Species & Class* | *Quantity* | *Remarks* |
|---|---|---|---|---|---|---|
| 1 | Kanayar 21-1-2021, 17-2-2021 & 15-3-2021 | 1974 TP Kanayar Bit 1 | 1968 Rose wood Plantation | Teak Timber IV | 4.382M$^3$ (Lot No. 28/17/Knr) | Re-Auction sale of Produces at the risk and loss of Sri S. Hassankutty, Meppurath Timbers, Mangaram P. O., Konni (e-auction dated 7-8-2017, 24-10-2017 & 22-1-2018) |
| | | | | Teak Poles III | 100 Nos. (Lot No. 86/17/Knr) | |
| | | | | Teak Poles V | 265 Nos. | |
| 2 | Kallar 21-1-2021, 17-2-2021 & 15-3-2021 | 1970 TP Alappady | Anakuthy Dumping Depot | Teak Timber IV | 11.611 M$^3$ (Lot No. 161/17/Klr, 169/17/Klr & 171/17/Klr) | Re-Auction sale of Produces at the risk and loss of Sri S. Hassankutty, Meppurath Timbers Mangaram P. O., Konni (e-auction dated 4-8-2017) |
| | | | | Teak Poles II C | 50 Nos. (Lot No. 100/17/Klr.) | |
| | | | | Teak Poles V | 200 Nos. | |
| | | | | Teak Billet | 149.15 MT | |
| 3 | Achencovil 11-1-2021, 5-2-2021 & 3-3-2021 | 1953 TP Kambiline Bit-II | Pallimundan Dumping Depot | JWFW | 5.05 MT | |
| 4 | | 1968 MW Plantation Savacotta Bit-I | Pallimundan Dumping Depot | Teak Poles V | 486 Nos. | |
| | | | | Teak Billet | 166.2 MT | |
| 5 | | 1968 MW Savacotta Bit-II | Pallimundan Dumping Dept. | Teak Billet | 73.6 MT | |
| | | | | JWFW | 694.35 MT | |
| 6 | | 1969 MW Koorampara | Pallivasal Dumping Depot | Teak Poles V | 23 Nos. | |
| | | | | Teak Billet | 170.15 MT | |
| | | | | JWFW | 816.25 MT | |

I. It is specially notified for the best interest of the State that the following lots which were sold in the e-Auctions held on 7-8-2017, 24-10-2017 & 22-1-2018 vide Lot No. 28/17/Knr, 86/17/Knr, pertains to Kanayar Range and the lots which were sold in the e-Auction held on 4-8-2017 vide Lot No. 100/2017/Klr, 161/17/Klr, 169/17/Klr & 171/17/Klr in respect of Kallar Range are proposed to be sold at the risk and loss of Sri S. Hassankutty, Meppurath Timbers, Mangaram P.O., Konni, Pathanamthitta District.

Date of e-auction—11-1-2021, 21-1-2021, 5-2-2021, 17-2-2021, 3-3-2021 & 15-3-2021.

Earnest Money Deposit —Timber— ₹ 50,000.

Teak poles, Teak Billet & JWFW— ₹ 20,000.

The e-auction will be knocked down in the name of the highest bidders.

Those who are interested to participate in the e-auction should be registered buyer online with MSTC limited, Bangalore. Conditions for e-aution will be available at the website www.mstcecommerce.com.

Telephone No.: Divisional Forest Office, Achencovil—0475-2342315

Range Forest Office, Achencovil—0475-2342530

Range Forest Office, Kallar—0475-2342551

Range Forest Office, Kanayar—0475-2342532.

(Sd.)

Office of the Divisional Forest Officer, Achencovil.

*Divisional Forest Officer.*
(For and on behalf of the Governor of Kerala)

---

## തെന്മല ഡിവിഷൻ

### ലേല പരസ്യം

നമ്പർ സി4-2315/2018. 2020 ഡിസംബർ 24.

തെന്മല ഡിവിഷനിൽപ്പെട്ട തെന്മല, ആര്യങ്കാവ് സെൻട്രൽ നഴ്സറി, കുളത്തൂപ്പുഴ എന്നീ റെയിഞ്ചുകളിൽ സൂക്ഷിച്ചിട്ടുള്ള വിവിധ വനനിയമ കേസുകളിൽ ഉൾപ്പെട്ട തൊണ്ടി സാധനങ്ങൾ, സ്ക്രാപ്പ് എന്നിവ താഴെ പട്ടികയിൽ അതാതു റെയിഞ്ചിനു നേരെ കാണിച്ചിട്ടുള്ള തീയതികളിൽ പകൽ 3 മണിക്ക് തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ പട്ടികയിൽ കാണിച്ചിരിക്കുന്ന സ്ഥലത്തുവെച്ച് 11-12-2012-ലെ പ്രൊ(5)-26274/12-ാം നമ്പരായി 25-12-2012-ലെ കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും മറ്റു നിയമങ്ങൾക്കും വിധേയമായി പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതായിരിക്കും. ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിച്ചാൽ പ്രസ്തുത ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വെച്ച് നടത്തുന്നതായിരിക്കും. നിശ്ചിത ലേല തീയതിക്ക് 7 ദിവസം മുമ്പ് തന്നെ ലേലത്തിൽ ഉൾപ്പെടുത്തുന്ന ലേല വസ്തുക്കളുടെ ഇനം, അളവ് മുതലായ ലോട്ടു തിരിച്ചുള്ള പട്ടിക അതാത് റെയിഞ്ച് ഓഫീസുകളിൽ പരസ്യപ്പെടുത്തുന്നതും ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലോട്ടു തിരിച്ചുള്ള തൊണ്ടി വസ്തുക്കൾ നേരിൽകണ്ട് പരിശോധിച്ച് ഗുണനിലവാരം ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്. ലേലത്തിനുശേഷം ഇതു സംബന്ധമായ പരാതികൾ പരിഗണിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി തേക്ക്, ഈട്ടി എന്നിവയ്ക്ക് ₹ 20,000, മറ്റു തടികൾക്ക് ₹ 10,000, മറ്റു വനവിഭവങ്ങൾക്ക് ₹ 2,000 നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതും ലേലം കൊണ്ടയാൾ ലേലം കഴിഞ്ഞാലുടൻ തന്നെ ലേലത്തുകയുടെ 35% നിരതദ്രവ്യം ഉൾപ്പെടെ ഒടുക്കേണ്ടതുമാണ്. ലേലത്തുക ₹ 20,000-മോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും ലേലത്തുക ₹ 20,000-ത്തിൽ കവിയുകയാണെങ്കിൽ ₹ 20,000-മോ ലേലത്തുകയുടെ 35% (മുപ്പത്തിയഞ്ചു ശതമാനം) ഏതാണ് കൂടുതലെങ്കിൽ ആയത് ലേലം കഴിഞ്ഞാലുടനെ അടയ്ക്കേണ്ടതുമാണ്. കോടതി ഉത്തരവ് അനുസരിച്ച് ലേലം ചെയ്യപ്പെടുന്ന തൊണ്ടിയുടെ മൊത്തം തുകയും നികുതികളും ലേലദിവസം അടയ്ക്കേണ്ടതാണ്.

ലേലത്തിൽ പിടിച്ചെടുത്ത സാധനങ്ങൾ ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന തീയതി മുതൽ 40 (നാൽപ്പത്) ദിവസത്തിനകം ബാക്കി മുഴുവൻ ലേലത്തുകയും നിയമാനുസൃത നികുതികളും മൊത്തം സംഖ്യക്ക് 1998-ലെ ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായ നികുതിയും ഒടുക്കി ലേലത്തിൽ പിടിച്ചെടുത്ത സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ലേലത്തുക ഈ കാലാവധിക്കുള്ളിൽ അടയ്ക്കാതിരുന്നാൽ ലേലം റദ്ദ് ചെയ്യുന്നതും ലേലക്കാരൻ അടച്ചിട്ടുള്ള തുക സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ടി ലേലത്തിൽ

പിടിച്ചെടുത്ത സാധനങ്ങൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്ത് വിൽക്കുന്നതുമായിരിക്കും. അപ്രകാരം വിൽക്കുമ്പോൾ സർക്കാരിന് നഷ്ടം ഉണ്ടാവുകയാണെങ്കിൽ അപ്രകാരമുള്ള നഷ്ടം, പരസ്യക്കൂലി മുതലായവ വ്യവസ്ഥകൾക്ക് വിധേയമായി മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭം ഉണ്ടാവുകയാണെങ്കിൽ ആയത് മുൻലേലക്കാരന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു.

ലേലത്തിനുശേഷം കാലാവസ്ഥ കാരണമോ, അഗ്നി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ മുതലായ കെടുതികൾ മൂലമോ തടി, വിറക്, മറ്റ് സാധനങ്ങൾ എന്നിവയ്ക്കുണ്ടാകുന്ന നഷ്ടത്തിനോ, അളവ് വ്യത്യാസത്തിനോ ഡിപ്പാർട്ടുമെന്റിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

ലേല വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ ആവശ്യമായിവരുന്നപക്ഷം ആയത് ലേലത്തിൽ പങ്കെടുക്കുന്നവരെ വായിച്ച് കേൾപ്പിച്ച് ബോദ്ധ്യപ്പെടുത്തുന്നതായിരിക്കും. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അതാത് റെയിഞ്ച് ഫോറസ്റ്റ് ഓഫീസുകളിൽ പ്രവർത്തി ദിവസങ്ങളിൽ നേരിട്ട് അന്വേഷിച്ചാൽ അറിയാവുന്നതാണ് (ഫോൺ നമ്പർ: തെന്മല റെയിഞ്ച്—0475-2345010, ആര്യങ്കാവ് റെയിഞ്ച്—0475-2211700).

പട്ടിക

| ലേല തീയതി | റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, ആര്യങ്കാവ് | റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, തെന്മല |
|---|---|---|
| ജനുവരി-2021 | 27-1-2021 | 29-1-2021 |
| ഫെബ്രുവരി-2021 | 17-2-2021 | 10-2-2021 |
| മാർച്ച്-2021 | 9-3-2021 | 19-3-2021 |
| ഏപ്രിൽ-2021 | 16-4-2021 | 20-4-2021 |
| മേയ്-2021 | 5-5-2021 | 11-5-2021 |
| ജൂൺ-2021 | 14-6-2021 | 17-6-2021 |
| ജൂലൈ-2021 | 7-7-2021 | 14-7-2021 |
| ആഗസ്റ്റ്-2021 | 10-8-2021 | 12-8-2021 |
| സെപ്റ്റംബർ-2021 | 14-9-2021 | 22-9-2021 |
| ഒക്ടോബർ-2021 | 12-10-2021 | 21-10-2021 |
| നവംബർ-2021 | 16-11-2021 | 24-11-2021 |
| ഡിസംബർ-2021 | 20-12-2021 | 15-12-2021 |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
തെന്മല.

ഡി. രതീഷ്, ഐ.എഫ്.എസ്.,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.
(കേരള ഗവർണ്ണർക്കുവേണ്ടി)

---

## മലയാറ്റൂർ ഡിവിഷൻ

ഇ-ലേല പരസ്യം

നമ്പർ സി3-6645/2020. 2020 ഡിസംബർ 22.

മലയാറ്റൂർ ഡിവിഷനിൽ കുട്ടമ്പുഴ റെയിഞ്ചിലെ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന തേക്കുതോട്ടത്തിൽ നിന്നും ശേഖരിച്ച തേക്ക് കഴകൾ, തേക്ക് വിറക്, പലജാതി വിറക് എന്നിവ താഴെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന തീയതിയിൽ, മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റാഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റൊരു ഉദ്യോഗസ്ഥനോ തിരുവനന്തപുരം സംരക്ഷണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 21-11-2011-ലെ പ്രൊ(4)26243/13-ാം നമ്പരായി 15-12-2015-ലെ 49-ാം നമ്പർ ഗസറ്റിൽ വാല്യം 3-ൽ പരസ്യപ്പെടുത്തിയിട്ടുള്ള വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും വനം വകുപ്പിൽ അതാതു സമയത്ത് നിലവിലുള്ള മറ്റ് നിയമങ്ങൾക്കും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായി ഇ-ലേലത്തിലൂടെ വില്പന നടത്തുന്നതാണ്. കൂടാതെ കേരള ഗസറ്റ് നമ്പർ 36 വാല്യം-3, പാർട്ട് III തീയതി 16-9-2014 പ്രകാരവും, ഗസറ്റ് നമ്പർ 43 വാല്യം 3 തീയതി 4-11-2014 പ്രകാരവും, ഗസറ്റ് നമ്പർ 8 തീയതി, 24-2-2015 പ്രകാരവും ഗസറ്റ് നമ്പർ 34 തീയതി, 25-8-2015 പ്രകാരവും ഗസറ്റ് നമ്പർ 40 തീയതി, 13-10-2015 പ്രകാരവും, ഗസറ്റ് നമ്പർ 43 വാല്യം 5 പാർട്ട് 3 തീയതി, 1-11-2016 പ്രകാരവും പ്രസിദ്ധീകരിച്ച ഇ-ലേല വ്യവസ്ഥകൾ എല്ലാം തന്നെ ടി ലേലത്തിന് ബാധകമായിരിക്കുന്നതാണ്. എം.എസ്.റ്റി.സി. കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ടി ഇ-ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിന് മുമ്പ് ഇ-പേയ്മെന്റ്/ഇ-ട്രഷറി/ഡിമാന്റ് ഡ്രാഫ്റ്റ് എം.എസ്.റ്റി.സി. ലിമിറ്റഡ് വഴി നിരതദ്രവ്യം കെട്ടി വെയ്ക്കേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ ഇ-ലേല തുകയുടെ 35% തുക ഇ-ലേല ദിവസം തന്നെ ഇ-പെയ്മെന്റായി കെട്ടി വെയ്ക്കേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ നിയമ പ്രകാരവും, കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ചരക്ക് സേവന നികുതി, വന വികസന നികുതി, ആദായ നികുതി, മറ്റ് ബന്ധപ്പെട്ട നികുതികൾ എന്നിവ യഥാസമയം അടയ്ക്കേണ്ടതുണ്ട്.

അടങ്കൽ തുക—₹ 25,00,000.

ഇ-ലേല പ്രമാണങ്ങളും, ഇ-ലേല ഷെഡ്യൂളുകളും www.mstcecommerce.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഇ-ലേലത്തിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിങ് വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈനായി ഇ-ലേലത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ സമർപ്പിക്കുവാൻ www.mstcecommerce.com എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

എല്ലാ ഇ-ലേല പ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. നേരിട്ടോ, തപാൽ മാർഗ്ഗമോ ലഭിക്കുന്ന ഇ-ലേല പ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ഇ-ലേല പ്രമാണത്തോടൊപ്പം സ്കാൻ ചെയ്ത ബന്ധപ്പെട്ട രേഖകൾ ഓൺലൈനായി സമർപ്പിക്കാത്തതും, അവയുടെ ഒറിജിനൽ തുറക്കുന്നതിനു മുമ്പ് സമർപ്പിക്കാത്തതുമായ ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതുമാണ്. ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC-യിൽ നിന്നോ www.mstcecommerce.com എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ്പ് ഡെസ്കിൽ നിന്നോ ഈ ഓഫീസിൽ നിന്നോ അറിയാവുന്നതാണ്. ഇ-പേമെന്റിന് ആവശ്യമായ വിവരങ്ങൾ ലേലക്കാരൻ ഇടപാട് നടത്തുന്ന കോർബാങ്കിങ്ങ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും, ഇ-ലേലത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും, ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. ലേലക്കാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും, മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും, നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല. ലേലത്തിൽ പങ്ക് കൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ക്രമപ്രകാരമുള്ള ലോട്ടുകളുടെ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും, കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്ന് വാങ്ങി ഇ-ലേലത്തിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതോടൊപ്പം ഓൺലൈനായി ഹാജരാക്കേണ്ടതാണ്. നിയമാനുസൃത തിരിച്ചറിയൽ കാർഡോ, സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ഇ-ലേല പ്രമാണങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഇ-ലേല വിൽപ്പനയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും അളവുകളും മറ്റു വിശദവിവരങ്ങളും കണ്ട് ബോധ്യപ്പെട്ടിരിക്കേണ്ടതും ഇ-ലേലത്തിനു ശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ലാത്തതുമാകുന്നു. താഴെ പറഞ്ഞിട്ടുള്ള തോട്ടങ്ങളിൽ നിന്നും, ലേല ദിവസത്തിന് തലേന്ന് വരെ (i.e., 26-1-2020 വരെ) ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾ ലേലത്തിൽ ഉൾപ്പെടുത്തുന്നതായിരിക്കും. താഴെ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഉൽപ്പന്നങ്ങളുടെ ഏകദേശം അളവ് ആകയാൽ ആയതിൽ മാറ്റം ഉണ്ടാകാവുന്നതാണ്.

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ M.S.T.C. ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ M.S.T.C. ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസിലോ (ഫോൺ 0484-2649052), (ഇ-മെയിൽ dfo-mytr.for.@kerala.gov.in) കുട്ടമ്പുഴ റെയിഞ്ച് ഫോറസ്റ്റ് ഓഫീസിലോ പ്രവൃത്തി സമയങ്ങളിൽ ലഭ്യമാണ്.

പട്ടിക

| തോട്ടം/റെയിഞ്ച് | ഉൽപ്പന്നങ്ങളുടെ ഇനവും തരവും | ഉൽപ്പന്നങ്ങൾ അട്ടിവെച്ചിരിക്കുന്ന സ്ഥലം | ഇ-ലേല തീയതിയും സമയവും |
|---|---|---|---|
| 1978 തേക്ക് ഇലവ് തോട്ടം-പൂയംകുട്ടി ഫോറസ്റ്റ് സ്റ്റേഷൻ, കുട്ടമ്പുഴ റെയിഞ്ച് | തേക്ക് കഴ IIC -366 Nos.<br>തേക്ക് കഴ IID -5 Nos.<br>തേക്ക് കഴ III -511 Nos.<br>തേക്ക് കഴ IV -321 Nos.<br>തേക്ക് വിറക്-22.25 മെ.ടൺ<br>പലജാതി വിറക്-5 മെ.ടൺ | അട്ടിക്കളം ഡമ്പിംഗ് ഡിപ്പോ | 27-1-2021, 11.30 a.m. to 1.30 p.m. |

എന്തെങ്കിലും കാരണവശാൽ ലേലം ഭാഗികമായോ മുഴുവനായോ നടക്കാതെ വന്നാൽ ശേഷിക്കുന്ന ഉൽപന്നങ്ങളും പുതിയവ ഉണ്ടെങ്കിൽ ആയതും ചേർത്ത് താഴെ പട്ടികയിൽ കാണിക്കുന്ന തീയതിയിൽ വീണ്ടും ലേലം നടത്തുന്നതായിരിക്കും. ഈ ഇ-ലേലത്തിലെ ഏതൊരു പ്രവൃത്തിയും ഒരു മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാകുന്നു.

പട്ടിക

| റെയിഞ്ച് | തോട്ടങ്ങളുടെ പേര് | മറ്റു ലേല തീയതികൾ |
|---|---|---|
| കുട്ടമ്പുഴ | പൂയംകുട്ടി ഫോറസ്റ്റ് സ്റ്റേഷനിലെ 1978 തേക്ക്-ഇലവ് തോട്ടം | 8-2-2021<br>22-2-2021<br>8-3-2021 |

No. C3-6645/2020. *22nd December 2020.*

It is hereby notified that Teak poles, Teak firewood, and Miscellenous Firewood collected from the 1978 Teak-Elavu plantation in Kuttampuzha Range under Malayattoor division will be sold through e-Auction shown in the schedule by the Divisional Forest Officer, or any officer authorized by him, subject to the conditions published by the M/s MSTC Ltd. and in the Kerala Gazatte No. 36 Vol III, Part III dtd, 16-9-2014, Kerala Gazatte No. 43 ,Vol III Part III dtd. 4-11-2014, Kerala Gazatte No. 8 Vol. IV Part III dtd. 24-2-2015, Kerala Gazatte No. 34 Vol. IV Part III dtd. 25-8-2015, Kerala Gazatte No. 40 Vol IV Part III dtd. 13-10-2015 and Kerala Gazatte No. 43 Vol 5, Part III dtd. 1-11-2016 and vide Notification No. Pro (4) 26243/13 dtd. 21-11-2015 and 26-9-2016 of the Additional Principal Chief Conservator of Forests (P), Thiruvananthapuram and other conditions prevalent in the Forest Department.

Besides the approximate quantity shown in the schedule, the quantity if any delivered to dumping sites before the date of e-Auction will also be included in the sale.

E-Auction documents and connected records are available in the Website: www.mstcecommerce.com. The Earnest Money Deposit (EMD) should be submitted on e-payment/e-treasury/demand draft /MSTC through the internet online banking of SBI or through NEFT for other banks. For submission of e-Auction visit the Website: www.mstcecommerce.com. All bids/e-commerce documents are to be submitted online only and in the designated online cover(s)/envelop(s) on the www.mstcecommerce.com. Website and e-auction documents submitted manually/through post will not be entertained.

Successful bidders will have to remit 35% of the bid amount after adjusting the EMD already remitted, shall be paid on the e-auction date itself through e-payment. Successful bidders will also have to remit the balance value, GST, Forest Development Tax, Income Tax and such other taxes that are prevailing at the time of e-auction within the stipulated time limit.

Online e-Auction/bids are to be accompanied with relevant documents. E-Auction/bids received without the scanned copies of relevant documents will not be considered and shall be summarily rejected. Any further clarification on this e-Auction can be obtained from NIC/the e-Auction Helpdesk number available in the www.mstcecommerce.com. Website and from the office of the Divisional Forest Officer, Malayattoor during the office hours. The details regarding e-Payment (Bidder's Bank Account No. where he/she is having core banking facility and e-mail ID) should be submitted along with the e-Auction documents. E-Auction without these documents will not be accepted.

Technical bid and financial bid shall be submitted in their respective designated online covers.

The Forest Department will not be responsible for any inconvenience or loss to the Bidder while uploading/ downloading the bid.

Intending persons may ensure the quantity and quality of materials put for e-Auction before the commencement of the same and no complaints will be entertained after e-Auction. The bidders should produce a certificate showing the permanent address and signature of the bidders duly attested by the concerned Village Officer or any other approved identity documents along with the EMD through online. Those who do not produce any approved Identity Card or certificate will not be eligible to participate in the e-auction.

In case any Government Department requires any of the materials put up or the e- auction the quantity remaining after their selection only will be re auctioned. The quantity that is ready for sale after the publication of this notification will be included in the tender cum auction. Any further notification to the sale conditions that may be issued by the government after the issuance of this notification will also be applicable to this tender cum auction. The unsold materials in the E-auction will be placed along with the materials that may arrive in dumping depots on subsequent dates will be sold on the next auction date shown in the schedule and separate notification will not be published for the same.

Further details and information can be had from this office or the concerned Range Office, Kuttampuzha (Phone: 0485 2588273) or Divisional Forest Office, Malayattoor (Phone: 0484 2649052) during the working hours.

SCHEDULE

| *Sl. No.* | *Range* | *Name of dumping site* | *Species* | *Quantity* |
|---|---|---|---|---|
| 1 | Kuttampuzha | Attikkalam Dumping Depot | Teak Poles IIC | 366 Nos. |
| | | | Teak Poles IID | 5 Nos. |
| | | | Teak Poles III | 511 Nos. |
| | | | Teak Poles IV | 321 Nos. |
| | | | Teak Firewood | 22.5 MT |
| | | | Misc. Firewood | 5 MT |

Approximate Amount—₹ 25,00,000.

Earnest Money Deposit—₹ 20,000.

Date and time of e-auction—27-1-2021, 11.30 a.m. to 1.30 p.m.

Alternate date and time—8-2-2021, 11.30 a.m., 22-2-2021, 11.30 a.m., 8-3-2021, 11.30 a.m.

The e-Auction will be knocked down in the name of the highest bidders.

Those who are interested to participate in the e-auction should be registered online with MSTC Limited, Bangalore. Conditions for the e-Auction will be available at the website www.mstcecommerce.com.

RAVIKUMAR MEENA IFS,
*Divisional Forest Officer.*
(For and on behalf of the Governor of Kerala)

Divisional Forest Office,
Kodanad.

## തൃശ്ശൂർ ഡിവിഷൻ

ദർഘാസ്/ലേല പരസ്യം

നമ്പർ ടി.എ3-7270/2020. 2020 ഡിസംബർ 23.

തൃശ്ശൂർ ഡിവിഷനിലെ വടക്കാഞ്ചേരി, മച്ചാട്, പട്ടിക്കാട് റെയിഞ്ചുകളിലെ കശുമാവിൻ തോട്ടങ്ങളിൽ നിന്നും 30-6-2021 വരെയുള്ള കാലത്തേക്ക് കശുവണ്ടി ശേഖരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന ഏജൻസിക്ക് നൽകുന്നതിനുള്ള അവകാശം ഉൾച്ചേർത്ത വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ പറയുന്ന സ്ഥലത്തും സമയത്തും വെച്ച് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥനോ പരസ്യമായി ദർഘാസ്/ലേല വ്യവസ്ഥകൾ പ്രകാരം വിൽപ്പന നടത്തുന്നതാണ്. പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും തോട്ടങ്ങൾ ദർഘാസ്/ലേലത്തിൽ ഉൾപ്പെടുത്താതിരിക്കുന്നതിനോ പുതുതായി ഏതെങ്കിലും തോട്ടം ഉൾപ്പെടുത്തുന്നതിനോ ഉള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.

ദർഘാസ് ഫോറങ്ങൾക്ക് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് അപേക്ഷിക്കാവുന്നതും ആയത് പട്ടികയിൽ കാണിച്ചിരിക്കുന്ന തീയതി വരെ ലഭിക്കുന്നതുമാണ്. നിരക്ക് രേഖപ്പെടുത്തി മുദ്രവെച്ച് നിരതദ്രവ്യം അടക്കമുള്ള ദർഘാസുകൾ പട്ടികയിൽ പറയുന്ന സമയം വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ദർഘാസ് സമർപ്പിച്ചിട്ടുള്ള ദർഘാസുകാരെ മാത്രം ഉൾപ്പെടുത്തി ആദ്യം ലേലം നടത്തുന്നതും തുടർന്ന് പട്ടികയിൽ പറഞ്ഞിരിക്കുന്ന സമയത്ത് ലഭിച്ച എല്ലാ ദർഘാസുകളും ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്. ആദ്യ തീയതിയിൽ ഏതെങ്കിലും തോട്ടത്തിന്റെ ദർഘാസ്/ലേലം നടക്കാതിരിക്കുകയോ ദർഘാസ്/ലേലം കൊള്ളാൻ ലേലക്കാർ ആരും തയ്യാറാകാതെ വരികയോ ഏതെങ്കിലും കാരണവശാൽ ദർഘാസ്/ലേലം റദ്ദ് ചെയ്യപ്പെടുകയോ അന്നേ ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുകയോ ചെയ്താൽ പട്ടികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അടുത്ത ദിവസങ്ങളിൽ അതേ സ്ഥലത്തും സമയത്തും ദർഘാസ്/ലേലം നടത്തുന്നതാണ്. വനം വകുപ്പിൽ നിലവിലുള്ള എല്ലാ ദർഘാസ്/ലേല വ്യവസ്ഥകളും ഈ ദർഘാസ്/ലേലത്തിന് ബാധകമാണ്.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ ബന്ധപ്പെട്ട റെയിഞ്ചാഫീസിൽ നിന്നോ അറിയാവുന്നതാണ്.

### പട്ടിക I

| ക്രമ നമ്പർ | തോട്ടത്തിന്റെ പേര് | ഉദ്ദേശ വിസ്തീർണ്ണം (ഹെക്ടറിൽ) | മരങ്ങളുടെ എണ്ണം | ഉദ്ദേശം ലഭിക്കാവുന്ന തൂക്കം (കി. ഗ്രാം) |
|---|---|---|---|---|
| | **വടക്കാഞ്ചേരി റെയിഞ്ച്** | | | |
| 1 | 1982 പാർളിക്കാട് | 77.34 | 600 | 200 |
| 2 | കടങ്ങോട് 1957 | 289.47 | 30 | 30 |
| | **മച്ചാട് റെയിഞ്ച്** | | | |
| 1 | 1959 പലകത്തടം | 93.34 | 59 | 400 |
| 2 | 1982 പലകത്തടം | 20.40 | 250 | 500 |
| 3 | 1959 കൊളത്താശ്ശേരി-നെല്ലിക്കുന്ന്-മരുതാത്തുകുന്ന് | 101.5 | 342 | 1000 |
| 4 | 1997 കാഷ്യൂ പ്ലാന്റേഷൻ-വാഴാനി | 10 | 508 | 90 |
| 5 | 1960 മടത്തിക്കുന്ന് കാഷ്യൂ പ്ലാന്റേഷൻ | 83.9 | 2975 | 750 |
| 6 | 1982 കാഷ്യൂ പ്ലാന്റേഷൻ-വാഴാനി | 20 | 730 | 80 |
| 7 | 1960 പൊറ്റ കാഷ്യൂ പ്ലാന്റേഷൻ | 38.91 | 150 | 100 |
| | **പട്ടിക്കാട് റെയിഞ്ച്** | | | |
| 1 | 1960-81 പുത്തൂർ-അയ്യമ്പിള്ളി | 60 | 3140 | 500 |
| 2 | 1982 ചെമ്പംകണ്ടം | 30 | 625 | 300 |

പട്ടിക II

| ദർഘാസ് ഫോറം ലഭിക്കുന്ന തീയതിയും സമയവും | മുദ്രവെച്ച കവറിൽ പൂരിപ്പിച്ച ദർഘാസുകൾ ലഭിക്കേണ്ട അവസാന തീയതിയും സമയവും | ദർഘാസ്/ലേലം തുറക്കുന്ന തീയതിയും സമയവും |
|---|---|---|
| 4-2-2021-ന് ഉച്ചയ്ക്ക് 1 മണിവരെ | 4-2-2021-ന് ഉച്ചകഴിഞ്ഞ് 3 മണി | 4-2-2021-ന് ഉച്ചകഴിഞ്ഞ് 3.30-ന് |
| 11-2-2021-ന് ഉച്ചയ്ക്ക് 1 മണിവരെ | 11-2-2021-ന് ഉച്ചകഴിഞ്ഞ് 3 മണി | 11-2-2021-ന് ഉച്ചകഴിഞ്ഞ് 3.30-ന് |
| 18-2-2021-ന് ഉച്ചയ്ക്ക് 1 മണിവരെ | 18-2-2021-ന് ഉച്ചകഴിഞ്ഞ് 3 മണി | 18-2-2021-ന് ഉച്ചകഴിഞ്ഞ് 3.30-ന് |

നിരതദ്രവ്യം—₹ 5,000 (ഓരോ തോട്ടത്തിനും).

ദർഘാസ് ഫോറത്തിന്റെ വില—₹ 400 + ജി.എസ്. ടി. 12% ഓരോ തോട്ടത്തിനും.

കരാറിന്റെ കാലാവധി—ഉടമ്പടി തീയതി മുതൽ 30-6-2021 വരെ.

ദർഘാസ്/ലേലം നടത്തുന്ന സ്ഥലം—ഡിവിഷണൽ ഫോറസ്റ്റാഫീസ്, തൃശ്ശൂർ.

**വ്യവസ്ഥകൾ**

1. ദർഘാസ് ഫോറങ്ങൾ ആവശ്യമുള്ളവർ/ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ അവരവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റോ, ഇലക്ഷൻ കമ്മീഷൻ നൽകിയിട്ടുള്ള ഐഡന്റിഫിക്കേഷൻ കാർഡോ സഹിതം രേഖാമൂലം തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷിക്കേണ്ടതാണ്.

2. ഓരോ തോട്ടത്തിനും ദർഘാസ് പ്രത്യേകം സമർപ്പിക്കുകയും ദർഘാസിനോടൊപ്പം പ്രത്യേകം നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതും ആയത് പണമായി സ്വീകരിക്കുന്നതുമാണ്. നിശ്ചിത സമയത്തിനുശേഷവും ആവശ്യമായ നിരതദ്രവ്യം ഒടുക്കാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

3. ദർഘാസുകൾ വെച്ച ലേലക്കാരെ മാത്രം ഉൾപ്പെടുത്തി പട്ടികയിൽ പറയുന്ന ദിവസങ്ങളിൽ ലേലം നടത്തുന്നതാണ്.

4. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം/ദർഘാസ് വിളിക്കുന്ന ആളുടെ പേരിൽ ലേലം ഉറപ്പിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവും കൂടാതെ ലേലം/ദർഘാസ് അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഏതെങ്കിലും തോട്ടം ലേലത്തിൽ നിന്നും ഒഴിവാക്കുന്നതിനോ ഉൾപ്പെടുത്തുന്നതിനോ തോട്ടത്തിന്റെ വിസ്തീർണ്ണത്തിലോ കശുമാവ് മരങ്ങളുടെ എണ്ണത്തിനോ ഉള്ള മാറ്റമോ ലേല സമയത്ത് പ്രഖ്യാപിക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

5. ലേലത്തുക ₹ 10,000 (പതിനായിരം)-മോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും ലേലദിവസം അടയ്ക്കേണ്ടതാണ്. ലേലത്തുക ₹ 10,000 (പതിനായിരം)-ൽ കൂടുതലാണെങ്കിൽ ലേലം കൊണ്ടയാൾ ലേലത്തുകയുടെ $\frac{1}{3}$ ഭാഗമോ ₹ 10,000-മോ ഏതാണോ കൂടുതൽ തുക എന്നു കണക്കാക്കി ഓരോ തോട്ടത്തിനും അപ്പോൾതന്നെ കെട്ടിവെയ്ക്കേണ്ടതാണ്. ആയതിന് വീഴ്ച വരുത്തിയാൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും കശുവണ്ടി ശേഖരണത്തിനുള്ള അവകാശം വീഴ്ചക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാൽ ഉടനെ മടക്കി നൽകുന്നതാണ്.

6. ദർഘാസ്/ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി ലേലത്തുകയും നിലവിലുള്ള നിരക്കിൽ ആദായ നികുതി, സർചാർജ്ജ്, വന വികസന നികുതി, വാറ്റ് എന്നിവയും 10 ശതമാനം വരുന്ന തുക സെക്യൂരിറ്റിയായും (കുറഞ്ഞത് ₹ 500) ₹ 200-ന്റെ മുദ്രപത്രത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഉടമ്പടി വെയ്ക്കേണ്ടതാണ്. മേൽപ്പറഞ്ഞ കാലാവധിക്കകം ബാക്കി സംഖ്യയും നികുതികളും സെക്യൂരിറ്റിയും അടയ്ക്കാൻ വീഴ്ച വരുത്തിയാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ദർഘാസ്/ലേലം നടത്തുന്നതും അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിന് ആദ്യ ദർഘാസുകാരൻ/ലേലക്കാരൻ ഉത്തരവാദിയാകുന്നതും ലാഭം കിട്ടിയാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടം വരുത്തിയ തുക കുടിശ്ശികയായി പരിഗണിച്ച് നിശ്ചിത തീയതിക്കകം ഒടുക്കിയില്ലെങ്കിൽ നിലവിലുള്ള റവന്യൂ റിക്കവറി ആക്ട് അനുസരിച്ചോ യുക്തമായ മറ്റു മാർഗ്ഗങ്ങളിലൂടെയോ ടിയാനിൽ നിന്നും ഈടാക്കുന്നതാണ്. തുക മുഴുവൻ അടയ്ക്കുകയും സെക്യൂരിറ്റി നിക്ഷേപിക്കുകയും എന്നാൽ ഉടമ്പടി വയ്ക്കുന്നതിന് സാധിക്കാതെ വരികയും ചെയ്താൽ ദിവസം ഒന്നിന് ₹ 10 വീതം പിഴ ഈടാക്കി ഉടമ്പടി വെയ്ക്കുന്നതിന് 15 ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്.

7. ലേലക്കാരൻ കേന്ദ്ര സർക്കാരിന്റെ 1975-ലെ ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായ നികുതിയും സർചാർജ്ജും കേരള സർക്കാരിന്റെ നിലവിലുള്ള നിയമപ്രകാരം 5 ശതമാനം വരുന്ന വനവികസന നികുതി, വാറ്റ് എന്നിവ അടയ്ക്കുവാനും സെക്യൂരിറ്റി നിക്ഷേപിച്ച് ഉടമ്പടിയിൽ ഏർപ്പെടുവാനും ബാദ്ധ്യസ്ഥനാണ്. കൂടാതെ സർക്കാർ അതാതു കാലങ്ങളിൽ നിശ്ചയിക്കുന്ന നികുതികൾ അതാതു നിരക്കിൽ അടയ്ക്കുവാൻ ലേലക്കാരൻ ബാദ്ധ്യസ്ഥനാണ്.

8. ലേലത്തിനു മുൻപ് തോട്ടങ്ങൾ പരിശോധിച്ച് മരങ്ങളുടെ എണ്ണം, വിളവ്, തരം, മതിപ്പ് എന്നിവ ബോദ്ധ്യപ്പെടുത്തേണ്ടതും അതു സംബന്ധിച്ച് ലേലത്തിനുശേഷമുള്ള ഒരു പരാതിയും പരിഗണിക്കപ്പെടാത്തതുമാകുന്നു.

9. തോട്ടങ്ങളിൽ ശേഖരിക്കുന്ന കശുവണ്ടി 1977-ലെ കേരള കാഷ്യൂനട്ട് മാർക്കറ്റിംഗ് ഡിസ്ട്രിബ്യൂഷൻ ഓർഡർ അനുസരിച്ച് സർക്കാർ അപ്പോഴപ്പോൾ നിശ്ചയിക്കുന്ന വിലയ്ക്കനുസരിച്ച് കേരള മാർക്കറ്റിംഗ് ഫെഡറേഷനോ അല്ലെങ്കിൽ ഫെഡറേഷന്റെ ഏജന്റുമാർക്കോ അല്ലെങ്കിൽ മറ്റ് ഏജൻസികൾക്കോ വിൽക്കേണ്ടതാണ്.

10. കശുവണ്ടി ശേഖരിച്ചതിന്റെ വിവരങ്ങൾ അടങ്ങിയ പ്രതിമാസ സ്റ്റേറ്റ്മെന്റ് ഓരോ മാസവും 5-ാം തീയതിയോ അതിനു മുൻപോ കരാറുകാരൻ ബന്ധപ്പെട്ട റെയിഞ്ചാഫീസർക്ക് സമർപ്പിക്കേണ്ടതും വീഴ്ച വരുത്തുന്നപക്ഷം ₹ 75 വീതം ഓരോ മാസത്തിനും പിഴ വസൂൽ ചെയ്യുന്നതുമാണ്.

11. കശുവണ്ടി ശേഖരിച്ചുകൊണ്ടുപോകുന്നതിന് ബന്ധപ്പെട്ട റെയിഞ്ചാഫീസറിൽ നിന്നും നിയമാനുസൃതം പാസ്സ് വാങ്ങേണ്ടതാണ്.

12. മറ്റ് ബാദ്ധ്യതകൾ ഒന്നും ഇല്ലെങ്കിൽ വാറ്റ്, ആദായ നികുതി എന്നിവയുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ കരാറിന്റെ കാലാവധി കഴിഞ്ഞ് 4 മാസങ്ങൾക്കകം ഹാജരാക്കിയാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകുന്നതാണ്.

13. 9-3-1976-ലെ സർക്കാർ ഗസറ്റിൽ പരസ്യം ചെയ്തിട്ടുള്ള ജി.ഒ.(പി)62/76/എഡി/തീയതി 23-2-1976-ലെ നിയമം ഈ ദർഘാസ്/ലേലത്തിന്റെ വ്യവസ്ഥകൾ അടങ്ങുന്ന നോട്ടിഫിക്കേഷൻ വായിച്ചു മനസ്സിലാക്കി ഒപ്പിടുന്ന ഏതൊരു വ്യക്തിക്കും ബാധകമായിരിക്കുന്നതാണ്.

14. ലേലം കൊള്ളുന്ന തോട്ടങ്ങളിൽ തീ കയറി നാശനഷ്ടങ്ങൾ ഉണ്ടായാലും കേരള ഫോറസ്റ്റ് ആക്റ്റ് പ്രകാരമുള്ള മറ്റ് വന കുറ്റകൃത്യങ്ങൾ ഉണ്ടായാലും കശുമാവുകൾക്കും ചെടികൾക്കും കേടുപാടുകൾ സംഭവിച്ചാലും ദർഘാസുകാരൻ/ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.

15. ദർഘാസ്/ലേലത്തിന് പട്ടികയിൽ കാണിച്ചിരിക്കുന്ന കായ്ക്കുന്ന കശുമാവുകളുടെ എണ്ണം ഉദ്ദേശം മാത്രമാണ്.

16. നിയമാനുസൃതമായ പോസ്റ്റ് ഓഫറുകൾ വല്ലതും ഉണ്ടെങ്കിൽ ആയത് ദർഘാസ്/ലേലം കഴിഞ്ഞ് 7 ദിവസത്തിനകം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കുന്നതാണ്.

(എ) ദർഘാസ്/ലേലത്തിൽ വാഗ്ദാനം ചെയ്തിട്ടുള്ള തുക ഒരു ലക്ഷത്തിൽ കൂടുതലാണെങ്കിൽ 10 ശതമാനത്തിലും ഒരു ലക്ഷമോ അതിൽ താഴെയോ ആണെങ്കിൽ 20% കൂടുതലായിട്ടുള്ള വാഗ്ദാനങ്ങളെ സ്വീകരിക്കുകയുള്ളൂ.

(ബി) ദർഘാസ്/ലേല ദിവസം പ്രസ്തുത ബ്ലോക്കിനുവേണ്ടി അടച്ചിട്ടുള്ള തുകയുടെ ഇരട്ടി ഡിമാന്റ് ഡ്രാഫ്റ്റായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ അതാതു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന്റെ പരിധിയിൽ മാറത്തക്കവിധം അടയ്ക്കേണ്ടതാണ്.

(സി) ഇതിലേക്കായി പ്രത്യേക ഉടമ്പടി വയ്ക്കേണ്ടതാണ്.

(ഡി) മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് അനുസൃതമായി പോസ്റ്റ് ഓഫർ സമർപ്പിക്കുന്ന വ്യക്തിയുടെ അടച്ച തുക മുഴുവൻ സെക്യൂരിറ്റി ഡെപ്പോസിറ്റായി കണക്കാക്കി പൊതു ദർഘാസ്/ലേലം വീണ്ടും നടത്തുന്നതാണ്. പ്രസ്തുത ദർഘാസ്/ലേലത്തിൽ ലഭിക്കുന്ന ഏറ്റവും കൂടിയ തുക പോസ്റ്റ് ഓഫർ തുകയേക്കാൾ കുറവാണെങ്കിൽ പോസ്റ്റ് ഓഫറിൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള തുകയ്ക്ക് ദർഘാസ്/ലേലം ഉറപ്പിക്കുന്നതാണ്. പോസ്റ്റ് ഓഫർ സമർപ്പിച്ച വ്യക്തി അടച്ചിട്ടുള്ള മുഴുവൻ തുകയും സർക്കാരിലേക്ക് വസൂൽ ചെയ്യുന്നതാണ്. എന്നാൽ ദർഘാസ്/ലേലത്തിൽ കിട്ടുന്ന തുകയാണ് കൂടുതലെങ്കിൽ കൂടുതൽ തുകയ്ക്ക് ദർഘാസ്/ലേലംകൊണ്ട വ്യക്തിയുടെ പേരിൽ ദർഘാസ്/ ലേലം സ്ഥിരപ്പെടുത്തുന്നതും പോസ്റ്റ് ഓഫർ സമർപ്പിച്ചിട്ടുള്ള വ്യക്തി അടച്ചിട്ടുള്ള മൊത്തം തുകയും മടക്കി കൊടുക്കുന്നതുമാണ്.

17. ദർഘാസ്/ലേലം സ്ഥിരീകരണ തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ബാക്കി ദർഘാസ്/ലേലത്തുകയും മുഴുവൻ നികുതികളും അടക്കുവാനുള്ള സമയപരിധിയായി നിശ്ചയിച്ചിരിക്കുന്നു. ഈ തീയതിക്കുശേഷം പലിശയോടുകൂടിയോ പിഴ പലിശയോടുകൂടിയോ പണം ഒടുക്കുവാനുള്ള അവസരം നൽകുന്നതല്ല.

18. കശുവണ്ടി ശേഖരിക്കുമ്പോൾ കശുമാവുകൾക്കും ശിഖരങ്ങൾക്കും യാതൊരു കേടുപാടും ഉണ്ടാകാൻ പാടില്ലാത്തതും അപ്രകാരം എന്തെങ്കിലും ഉണ്ടായാൽ ദർഘാസുകാരൻ/ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും ആയതുമൂലം ഉണ്ടാകുന്ന നഷ്ടത്തിന് ദർഘാസുകാരൻ/ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്.

19. ദർഘാസ്/ലേലം സംബന്ധിച്ച് കൂടുതൽ വ്യവസ്ഥകൾ എന്തെങ്കിലും ചേർക്കണമെങ്കിൽ ലേല സമയത്ത് ചേർക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ ബന്ധപ്പെട്ട റെയിഞ്ച് ഓഫീസുകളിൽ നിന്നോ അറിയാവുന്നതാണ്.

(ഒപ്പ്)

ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ കാര്യാലയം,
തൃശ്ശൂർ.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.
(കേരള ഗവർണ്ണർക്കുവേണ്ടി)

Gaz. No. 3/2021/DTP (Forest).